"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിലെ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീമതി.പ്രഭ.പി.ഐ.യുടെ അവധി കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2575/2025/LSGD തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-

1. 15.02.2006 തീയതിയിലെ സ.ഉ(സാധാ) നം.428/06/തസ്വഭവ.
2. ശ്രീമതി.പ്രഭ.പി.ഐ.യുടെ 25.03.2010 തീയതിയിലെ അപേക്ഷ.
3. പ്രിൻസിപ്പൽഡയറക്ടറുടെ 18.12.2023 തീയതിയിലെ LSGD/PD/47660/2023-DEC1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി.പ്രഭ.പി.ഐ യ്ക്ക് പരാമർശം 1 ഉത്തരവ് പ്രകാരം 02/07/2004 മുതൽ 03/07/2005 വരെ അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 04/07/2005 മുതൽ വിരമിക്കൽ തിയതിയായ 31/03/2010 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിരുന്നതായും, വിരമിക്കൽ തിയതി വരെ ടിയാൾ സേവനത്തിൽ പുന:പ്രവേശിച്ചിട്ടില്ലാത്തതും വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതുമാണ് എന്നും ആയതിനാൽ 04/07/2005 മുതൽ 31/03/2010 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാളുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. പ്രഭ.പി.ഐ. യുടെ പരാമർശം 2 പ്രകാരമുള്ള സമർപ്പണത്തിൽ ഭർത്താവും മക്കളുമൊത്ത് അമേരിക്കയിലാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ കെ.എസ്.ആർ ഭാഗം I അനുബന്ധം XII C പ്രകാരമാണ് ടിയാളുടെ അവധി അപേക്ഷ പരിശോധിക്കേണ്ടിയിരുന്നത്. കെ.എസ്.ആർ ഭാഗം I അനുബന്ധം XII C ചട്ടം 10 പ്രകാരം പ്രസ്തുത അവധി മുൻകാലപ്രാബല്യത്തിൽ അനുവദിക്കാൻ വ്യവസ്ഥയില്ല. ഈ അവധി അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ KCS (CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്ന് പിരിച്ച് വിടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ അപേക്ഷക 2010 ൽ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതാണ്. 31.12.1994 പ്രാബല്യത്തിൽ ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അപേക്ഷക സേവനത്തിൽ നിന്നും വിട്ടുനിന്ന 04.07.2005 മുതൽ 31.03.2010 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടമാകാത്ത വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (ശ്രീമതി.പ്രഭ.പി.ഐ-യുടെ സേവന പുസ്തകം സഹിതം.)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി .പ്രഭ പി.ഐ , മുൻ സീനിയർ ക്ലാർക്ക്,കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 25-10-2025 17:25:48**
സെക്ഷൻ ഓഫീസർ